**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3418** **04-08-2021 - ൽ മറുപടിയ്ക്ക്**

**പൂപ്പാറ ബെവ്കോ ഔട്ട്ലെറ്റിലെ സ്റ്റോക്ക് വിജിലൻസ് ഓഡിറ്റിങ്ങ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. രാജ | | **Shri M. V. Govindan Master**<br>(തദ്ദേശ സ്വയംഭരണ, ഗ്രാമവികസനം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഇടുക്കി ജില്ലയിലെ പൂപ്പാറ ബെവ്കോ ഔട്ട്ലെറ്റിൽ ജോലിചെയ്തു വരവെ 2018 ഏപ്രിൽ മുപ്പതിന് മരണമടഞ്ഞ ബാബു മാത്യുവിന് സ്റ്റോക്ക് വിജിലൻസ് ഓഡിറ്റിങ്ങിനെ തുടർന്നുണ്ടായ സാമ്പത്തിക ബാധ്യത സംബന്ധിച്ച ഫയലിലെ വിവരം വിശദമാക്കാമോ; | (എ) | കെ.എസ്.ബി.സി യുടെ എഫ്.എൽ.01-6018 പൂപ്പാറ ചില്ലറ വില്പനശാലയിൽ പ്രവൃത്തിയെടുത്തിരുന്ന ബാബു മാത്യുവിന് 01.04.2015 മുതൽ 30.04.2018 വരെ 10,01,484/- രൂപ (പത്ത് ലക്ഷത്തി ആയിരത്തി നാനൂറ്റി എൺപത്തി നാല് രൂപ മാത്രം) ആകെ ബാധ്യതയുള്ളതായി കെ.എസ്.ബി.സിയുടെ ആഡിറ്റ് വിഭാഗം കണ്ടെത്തിയിരുന്നു ടിയാന്റെ ബാധ്യത സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു. സ്റ്റോക്ക് ബാധ്യത ക്രമ നം. ബാധ്യത കാലയളവ് ബാധ്യത തുക 1. 01.04.2015 മുതൽ 30.09.2015 വരെ 92,096/- 2. 01.10.2016 മുതൽ 31.03.2017 വരെ 3,49,352/- 3. 01.06.2017 മുതൽ 25.08.2017 വരെ 5,47,889/- കാർട്ടൺ ബാധ്യത ക്രമ നം. ബാധ്യതാ കാലയളവ് ബാധ്യത തുക 1. 01.04.2016 മുതൽ 18.07.2016 വരെ 3,115/- 2. 01.10.2016 മുതൽ 31.03.2017 വരെ 9,032/- ഇതിൽ 1,13,646 രൂപ തിരികെ പിടിച്ചിട്ടുണ്ട് .9,09,388/- രൂപ മുതലും 89,247/- രൂപ പലിശയും (12%) ചേർത്ത് 9,98,635/- രൂപ തിരിച്ചു പിടിക്കേണ്ടതായുണ്ട്. ബാബു മാത്യുവിന്റെ ബാധ്യതാ തുക ഒഴിവാക്കുന്നതിനായി ടിയാന്റെ ഭാര്യ സമർപ്പിച്ച നിവേദനം പരിഗണിച്ചുകൊണ്ട് ടി വിഷയം കെ.എസ്.ബി.സിയുടെ ഡയറക്ടർ ബോർഡ് പരിഗണിക്കുകയും, ടിയാളുടെ പരാതിയുടെ സത്യാവസ്ഥ മനസ്സിലാക്കുന്നതിനും ബാബു മാത്യുവിന്റെ ബാധ്യതാ തുകയിൽ കുറവു വരുത്തുന്നതിനുമായി ജനറൽ മാനേജർ(ഭരണം), ഇന്റേണൽ ആഡിറ്റർ, മാനേജർ (ഭരണം) എന്നിവർ ഉൾപ്പെടുന്ന കമ്മിറ്റി രൂപീകരിക്കുവാൻ ഡയറക്ടർ ബോർഡ് നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ കമ്മിറ്റി രൂപീകരിച്ച് അന്വേഷണം പുരോഗമിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (ബി) | മേപ്പടിയാൾക്ക് മരണാനന്തര ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ബി) | അന്വേഷണ റിപ്പോർട്ട് പ്രകാരം നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ